**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 102** **23-08-2022 - ൽ മറുപടിയ്ക്ക്**

**കരുതൽ തടങ്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ എം വിൻസെൻറ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലും സഞ്ചരിക്കുന്ന വഴിയരികിലും നിൽക്കുന്ന പ്രമുഖ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയിലെ പ്രവർത്തകരെ പോലീസ് കസ്റ്റഡിയിലെടുത്ത് കരുതൽ തടങ്കലിൽ വയ്ക്കുന്നു എന്ന ആരോപണം വസ്തുതാപരമാണോ; വ്യക്തമാക്കാമോ; | (എ) | ഇസെഡ് പ്ലസ് സുരക്ഷാ കാറ്റഗറിയിൽ ഉൾപ്പെട്ട മുഖ്യമന്ത്രിയുടെ സുരക്ഷാ സംവിധാനങ്ങൾ പ്രാദേശിക സുരക്ഷാ ഭീഷണികളെക്കൂടി കണക്കിലെടുത്തുകൊണ്ട് ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രതിപക്ഷ രാഷ്ട്രീയ പാർട്ടി പ്രവർത്തകരെ കരുതൽ തടങ്കലിൽ വയ്ക്കുന്നു എന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. |
| (ബി) | തോന്നയ്ക്കൽ കുമാരനാശാൻ ദേശീയ സാംസ്കാരിക ഇൻസ്റ്റിറ്റ്യൂട്ടിൽ മഹാകവി കുമാരനാശാന്റെ 150-ാം ജന്മവാർഷികാഘോഷവും ആശാൻ സൗധത്തിന്റെ നിർമ്മാണോദ്ഘാടനവും നടന്ന ചടങ്ങിൽ സ്വാഗത സംഘം ചെയർമാൻ കൂടിയായ വ്യക്തിയെ കരുതൽ തടങ്കലിൽ വച്ചു എന്നത് വസ്തുതയാണോ; വ്യക്തമാക്കാമോ; | (ബി) | ഇസെഡ് പ്ലസ് സുരക്ഷാ കാറ്റഗറിയിൽ ഉൾപ്പെട്ട മുഖ്യമന്ത്രിയുടെ സുരക്ഷാ സംവിധാനങ്ങൾ പ്രാദേശിക സുരക്ഷാ ഭീഷണികളെക്കൂടി കണക്കിലെടുത്തുകൊണ്ട് ഏർപ്പെടുത്തുകയാണ് ചെയ്യുന്നത്. പ്രതിപക്ഷ രാഷ്ട്രീയ പാർട്ടി പ്രവർത്തകരെ കരുതൽ തടങ്കലിൽ വയ്ക്കുന്നു എന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. |
| (സി) | ഏത് നിയമപ്രകാരമാണ് അപ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നത് എന്ന് വ്യക്തമാക്കാമോ? | (സി) | ക്രിമിനൽ നടപടിക്രമം വകുപ്പ്- 151 പ്രകാരം. |

സെക്ഷൻ ഓഫീസർ